പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 925 — 07-02-2013-ൽ മറുപടിക്ക്

മീനാട് ശുദ്ധജലവിതരണ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഭാഗികമായി കമ്മീഷൻ ചെയ്ത മീനാട് ശുദ്ധജലവിതരണ പദ്ധതി ഉപയോഗപ്പെടുത്തുവാൻ സന്നദ്ധമാകുമോ; | (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഇപ്പോൾ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുള്ള മീനാട് ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും കഴിയുന്നത്ര സ്ഥലങ്ങളിൽ ജലവിതരണം നടത്തുന്നതാണ്. ജലവിതരണ ശൃംഖലയുടെ പണികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരൻ മുഖേന ഇതിനുള്ള നടപടികൾ എടുത്തുവരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്ന നടപടി വേഗത്തിലാക്കുവാനും കൂടുതൽ ജനങ്ങൾക്ക് കണക്ഷൻ നൽകുവാനും കർശന നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ; | (ബി) പ്രസ്തുത പദ്ധതിയിൽ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്ന ജോലികൾ വേഗത്തിലാക്കുന്നതിന് ബന്ധപ്പെട്ട കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പണികളുടെ നിർമ്മാണ കാലയളവ് 2013 ഡിസംബർ മാസം വരെയാണ്. ചാത്തന്നൂർ, പൂയപ്പള്ളി എന്നീ പഞ്ചായത്തുകളിൽ പരമാവധി വാട്ടർ കണക്ഷനുകൾ നൽകിവരുന്നു. നിയോജക മണ്ഡലത്തിലെ ബാക്കിയുള്ള പഞ്ചായത്തുകളിൽ പദ്ധതി കമ്മീഷൻ ചെയ്യുവാനുള്ള പണികളും നടന്നുവരുന്നു. |

| | |
|---|---|
| (സി) നിലവിലുള്ള പഴയ ജലസംഭരണികളിൽ ജപ്പാൻ കുടിവെള്ള പദ്ധതിപ്രകാരമുള്ള ജലം സംഭരിക്കുവാൻ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ? | (സി) നിലവിലുള്ള ജലസംഭരണികളിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും ജലം സംഭരിക്കുന്നതു സംബന്ധിച്ചുള്ള ജോലികൾ നിർവ്വഹിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സൗത്ത് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ അംഗീകരിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ